നം: ഇ.എക്സ്.സി.ജനറൽ(1)/65001/2013/സി.ജി.ഇ പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം- 695 012
തീയതി: 27/11/2013

# സർക്കുലർ

വിഷയം: എസ്.എസ്.എൽ.സി പരീക്ഷ- മാർച്ച് 2014 എ-ലിസ്റ്റ് പൂർത്തിയാക്കുന്നത് സംബന്ധിച്ച്.

സൂചന: 1. നം.ഇ.എക്സ്.സി.ജനറൽ(1)65001/2013/സി.ജി.ഇ പ്രകാരമുള്ള 05-10-2013 തീയതിയിലെ വിജ്ഞാപനം.
2. നം.ഇ.എക്സ്.സി.ജനറൽ(1)65001/2013/സി.ജി.ഇ പകാരമുള്ള 12-11-2013-തീയതിയിലെ സർക്കുലർ.

സൂചന രണ്ടിലെ സർക്കുലറിലേക്ക് എല്ലാ ഹെഡ്മാസ്റ്റർ/ ഹെഡ്മിസ്ട്രസ് മാരുടെയും ശ്രദ്ധ ക്ഷണിക്കുന്നു. 2014 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾക്ക്, ഡിസംബർ 15-ാം തീയതി രജിസ്റ്റർ നമ്പർ നൽകേണ്ടതുണ്ട്. അതിനാൽ കുട്ടികളുടെ വിവരങ്ങളിൽ എന്തെങ്കിലും തിരുത്തലുകൾ ഉണ്ടെങ്കിൽ അവ പരിഹരിച്ച് ബന്ധപ്പെട്ട ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്മാർ നിർബന്ധമായും candidate data 13-12-2013 വെള്ളിയാഴ്ചക്കു മുൻപായി confirm ചെയ്ത് lock ചെയ്യേണ്ടതാണ്.

ഇപ്പോഴും ഫോട്ടോ അപ്‌ലോഡ് ചെയ്യുന്നതിനാൽ ഡേറ്റാബേസ് പലപ്പോഴും വളരെ പതുക്കെയാണ് പ്രതികരിക്കുന്നത്. ഇക്കാരണത്താൽ രജിസ്റ്റർ ചെയ്ത കുട്ടികളുടെ ഫോട്ടോ അപ്‌ലോഡ് ചെയ്യുന്നതിനും, മലയാളത്തിലുള്ള പേരിലെ പിശക് പരിഹരിക്കുന്നതിനും ഇതുവരെയും കഴിയാതിരുന്നവർക്ക് ജനുവരി 1 മുതൽ വീണ്ടും സമയം അനുവദിക്കുന്നതായിരിക്കും. പുതുതായി രജിസ്റ്റർ ചെയ്ത കുട്ടികളുടെ ഫോട്ടോയും അപ്പോൾ ഉൾപ്പെടുത്താവുന്നതാണ്. ആയതിനാൽ ഈ രണ്ടു കാര്യങ്ങളിൽ ഇപ്പോൾ മാറ്റം വരുത്തേണ്ടതില്ല.

പരീക്ഷാർത്ഥികളുടെ ഫോട്ടോ, മലയാളത്തിലെ പേര് എന്നിവ ഒഴികെയുള്ള വിവരങ്ങൾ അടങ്ങിയ division wise check list ഇന്നു മുതൽ പരിശോധനയ്ക്കായി ഡൗൺലോഡ് ചെയ്ത് പരിശോധിച്ച് തെറ്റുണ്ടെങ്കിൽ ഓൺലൈനിലൂടെ പരിഹരിക്കാവുന്നതാണ്.

ARC, CC, Betterment വിഭാഗങ്ങളിലെ പരീക്ഷാർത്ഥിളുടെ വിവരങ്ങൾ ഡിസംബർ 5 മുതൽ 10 വരെയും പ്രൈവറ്റ് വിഭാഗങ്ങളുടേത് ഡിസംബർ 20 മുതൽ 30 വരെയും ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നതിന് അവസരമുണ്ടായിരിക്കുന്നതാണ്.

**സെക്രട്ടറി**